**ഭാരത സർക്കാർ**

നിയമ മന്ത്രാലയം

# വർണ്ണ വിവേചന നിരോധന (ഐക്യരാഷ്ട്ര ഉടമ്പടി) ആക്റ്റ്, 1981

## (1981-ലെ 48-ാം നമ്പർ ആക്റ്റ്)

(2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE ANTI-APARTHEID (UNITED NATIONS CONVENTION) ACT, 1981

## (ACT No. 48 OF 1981)

(AS ON 26TH SEPTEMBER, 2002)

വില : രൂപ 14.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്,

2006.

# ആമുഖം

2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള വർണ്ണ വിവേചന നിരോധന (ഐക്യരാഷ്ട്ര ഉടമ്പടി) ആക്റ്റ്, 1981 (1981-ലെ 48-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ജൂലായ് 7-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 2-ാം വാല്യം 1-ാം നമ്പരായി 45 മുതൽ 47 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

# PREFACE

This Edition of the Anti-Apartheid (United Nations Convention) Act, 1981 (Act 48 of 1981) as on 26th September, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 2, No. 1 dated 7th July, 2003 on pages 45 to 47.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,

*Secretary to the Government of India.*

# വർണ്ണ വിവേചന നിരോധന (ഐക്യരാഷ്ട്ര ഉടമ്പടി) ആക്റ്റ്, 1981

## (1981-ലെ 48-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. ചുരുക്കപ്പേരും വ്യാപ്തിയും | .. | 1 |
| 2. വർണ്ണ വിവേചന കുറ്റം അമർച്ച ചെയ്യുന്നതും ശിക്ഷ നൽകുന്നതും സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടിയുടെ ബാധകത | .. | 1 |
| 3. അന്താരാഷ്ട്ര കുറ്റത്തിന്റെ ഉത്തരവാദിത്വത്തിനുള്ള ശിക്ഷ | .. | 1 |
| 4. കമ്പനികളാലോ സംഘടനകളാലോ സ്ഥാപനങ്ങളാലോ ഉള്ള കുറ്റങ്ങൾ | .. | 1 |
| 5. വിചാരണയ്ക്കുള്ള സ്ഥലം | .. | 2 |
| 6. അറസ്റ്റിനോ പ്രോസിക്യൂഷനോ വേണ്ടി കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി | .. | 2 |
| 7. എക്സ്ട്രഡിഷൻ ആക്റ്റ് സംബന്ധിച്ച വ്യവസ്ഥകൾ | .. | 2 |
| പട്ടിക | .. | 2 |
| അനുച്ഛേദം II | .. | 2 |
| അനുച്ഛേദം III | .. | 3 |

# വർണ്ണ വിവേചന നിരോധന (ഐക്യരാഷ്ട്ര ഉടമ്പടി) ആക്റ്റ്, 1981

## (1981-ലെ 48-ാം നമ്പർ ആക്റ്റ്)

[1981 ഡിസംബർ, 18]

വർണ്ണ വിവേചന കുറ്റം അമർച്ച ചെയ്യുന്നതും ശിക്ഷ നൽകുന്നതും സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടിക്ക് പ്രഭാവം നൽകുന്നതിനുവേണ്ടിയുള്ള

ഒരു

ആക്റ്റ്

വർണ്ണ വിവേചന കുറ്റം അമർച്ച ചെയ്യുന്നതും ശിക്ഷ നൽകുന്നതും സംബന്ധിച്ച ഒരു അന്താരാഷ്ട്ര ഉടമ്പടി 1973 നവംബർ 30-ാം തീയതി ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ അംഗീകരിച്ചതിനാലും;

ഭാരതം പ്രസ്തുത ഉടമ്പടിയോട് യോജിച്ചിരിക്കുന്നതിനാൽ അതിന് പ്രഭാവം നൽകുന്നതിനുവേണ്ടി വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിരണ്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ***ചുരുക്കപ്പേരും വ്യാപ്തിയും***—(1) ഈ ആക്റ്റിന് വർണ്ണ വിവേചന നിരോധന (ഐക്യരാഷ്ട്ര ഉടമ്പടി) ആക്റ്റ്, 1981 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

2. ***വർണ്ണ വിവേചന കുറ്റം അമർച്ച ചെയ്യുന്നതും ശിക്ഷ നൽകുന്നതും സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടിയുടെ ബാധകത***—(1) മറ്റേതെങ്കിലും നിയമത്തിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, വർണ്ണ വിവേചന കുറ്റം അമർച്ച ചെയ്യുന്നതും ശിക്ഷ നൽകുന്നതും സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടിയുടെ അങ്ങനെയുള്ള വ്യവസ്ഥകൾ പട്ടികയിൽ കൊടുത്തിട്ടുള്ളതുപോലെ ഭാരതത്തിൽ നിയമത്തിന്റെ ബലം ഉണ്ടായിരിക്കുന്നതാണ്.

(2) കേന്ദ്രസർക്കാരിന്, കാലാകാലങ്ങളിൽ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, പ്രസ്തുത ഉടമ്പടിയിലെ, അതിൽ കൊടുത്തിട്ടുള്ള വ്യവസ്ഥകൾക്ക് യഥാവിധി വരുത്തുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും ഭേദഗതിക്ക് അനുരൂപമായി പട്ടിക ഭേദഗതി ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു വിജ്ഞാപനവും, അത് പുറപ്പെടുവിച്ച ശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

3. ***അന്താരാഷ്ട്ര കുറ്റത്തിന്റെ ഉത്തരവാദിത്വത്തിനുള്ള ശിക്ഷ***—പട്ടികയിൽ കൊടുത്തിട്ടുള്ള, പ്രസ്തുത ഉടമ്പടിയുടെ III-ാം അനുച്ഛേദത്തിൻകീഴിൽ അന്താരാഷ്ട്ര കുറ്റത്തിന്റെ ഉത്തരവാദിത്വം ബാധകമാകുന്ന ഏതൊരാളും വധശിക്ഷയോ ജീവപര്യന്തം തടവുശിക്ഷയോ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് തടവുശിക്ഷയോ നൽകി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ആണ്.

***വിശദീകരണം:***—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, പ്രസ്തുത ഉടമ്പടിയുടെ III-ാം അനുച്ഛേദം (ക) ഖണ്ഡത്തിൽ "II-ാം അനുച്ഛേദത്തിന്റെ" പരാമർശത്തിന് ആ ഉടമ്പടിയുടെ പട്ടികയിൽ കൊടുത്തിട്ടുള്ള II-ാം അനുച്ഛേദത്തിലെ വ്യവസ്ഥകളുടെ ഒരു പരാമർശമായി അർത്ഥം കല്പിക്കേണ്ടതാണ്.

4. ***കമ്പനികളാലോ സംഘടനകളാലോ സ്ഥാപനങ്ങളാലോ ഉള്ള കുറ്റങ്ങൾ***—ഈ ആക്റ്റിൻ കീഴിലെ ഒരു കുറ്റം ഒരു കമ്പനിയാലോ ഒരു സംഘടനയാലോ, ഒരു സ്ഥാപനത്താലോ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കുറ്റം ചെയ്യപ്പെട്ട സമയത്ത് അതിന്റെ ബിസിനസ്സിന്റെയോ കാര്യങ്ങളുടെയോ നടത്തിപ്പിനുവേണ്ടി, അതതുസംഗതിപോലെ, കമ്പനിയുടെയോ സംഘടനയുടെയോ സ്ഥാപനത്തിന്റെയോ ചാർജ്ജ് ഉണ്ടായിരിക്കുന്നതും ഉത്തരവാദിയായിരുന്നതുമായ ഏതൊരാളും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതും ആണ്:

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവ് കൂടാതെയാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

***വിശദീകരണം:***—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗീകൃത തനികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ, വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും ആകുന്നു.

*5.* ***വിചാരണയ്ക്കുള്ള സ്ഥലം.***—3-ാം വകുപ്പിൻകീഴിലുള്ള ഒരു കുറ്റം ചെയ്യുന്ന ഏതൊരാളും, അയാൾ കാണപ്പെടുന്ന ഏതു സ്ഥലത്തുവച്ചും അല്ലെങ്കിൽ കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി, ഇതിലേക്കായി നിർദ്ദേശിക്കുന്ന അങ്ങനെയുള്ള മറ്റു സ്ഥലത്തുവച്ചും ആ കുറ്റത്തിന് വിചാരണ ചെയ്യപ്പെടാവുന്നതാണ്.

*6.* ***അറസ്റ്റിനോ പ്രോസിക്യൂഷനോവേണ്ടി കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി.***—കേന്ദ്ര സർക്കാരിന്റേയോ അല്ലെങ്കിൽ ആ സർക്കാർ ഇതിലേക്കായി ലിഖിതമായ ഉത്തരവുവഴി അധികാരപ്പെടുത്തുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥന്റേയോ അധികാരസ്ഥാനത്തിന്റേയോ മുൻകൂട്ടിയുള്ള അനുമതിയോടു കൂടിയല്ലാതെ 3-ാം വകുപ്പിൻകീഴിലുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് യാതൊരാളെയും അറസ്റ്റ് ചെയ്യാനോ പ്രോസിക്യൂട്ട് ചെയ്യാനോ പാടുള്ളതല്ല.

*7.* ***എക്സ്ട്രഡിഷൻ ആക്റ്റ് സംബന്ധിച്ച വ്യവസ്ഥകൾ.***—എക്സ്ട്രഡിഷൻ ആക്റ്റ്, 1962 (1962-ലെ 34)-ന്റെ ആവശ്യങ്ങൾക്കായി 3-ാം വകുപ്പിൻകീഴിലുള്ള കുറ്റം രാഷ്ട്രീയ സ്വഭാവമുള്ള ഒരു കുറ്റമായി കണക്കാക്കാൻ പാടില്ലാത്തതാകുന്നു.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

വർണ്ണ വിവേചന കുറ്റം അമർച്ച ചെയ്യുന്നതും ശിക്ഷ നൽകുന്നതും സംബന്ധിച്ച
അന്താരാഷ്ട്ര ഉടമ്പടിയിലെ നിയമത്തിന്റെ ബലമുള്ള വ്യവസ്ഥകൾ

** ** ** ** **

### അനുച്ഛേദം II

ഇപ്പോഴത്തെ ഉടമ്പടിയുടെ ആവശ്യത്തിലേക്കായി ദക്ഷിണ ആഫ്രിക്കയിൽ ആചരിക്കുന്ന വർഗ്ഗ വേർതിരിവും വിവേചനവും പോലെയുള്ള നയങ്ങളും ആചരണങ്ങളും ഉൾപ്പെടുന്ന "വർണ്ണ വിവേചന കുറ്റം" എന്ന പദത്തിൽ ഒരു വർഗ്ഗ വിഭാഗത്തിലെ ആളുകൾക്ക് മറ്റേതെങ്കിലും വർഗ്ഗ വിഭാഗത്തിലെ ആളുകളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിനും നിലനിറുത്തുന്നതിനും പതിവായി അവരെ ദ്രോഹിക്കുന്നതിനും വേണ്ടി ചെയ്യുന്ന താഴെപ്പറയുന്ന മനുഷ്യത്വരഹിതമായ പ്രവൃത്തികൾക്ക് ബാധകമാകുന്നതാണ്.

(ക) ഒരു വർഗ്ഗ വിഭാഗത്തിലോ വിഭാഗങ്ങളിലോ ഉള്ള ഒരു അംഗത്തിനോ അംഗങ്ങൾക്കോ ജീവനോ വ്യക്തിസ്വാതന്ത്ര്യത്തിനോ ഉള്ള അവകാശം നിഷേധിക്കൽ:

(i) ഒരു വർഗ്ഗ വിഭാഗത്തിലെയോ വിഭാഗങ്ങളിലെയോ അംഗങ്ങളുടെ കൊലപാതകം വഴി;

(ii) ഒരു വർഗ്ഗ വിഭാഗത്തിലെയോ വിഭാഗങ്ങളിലെയോ അംഗങ്ങളുടെമേൽ ഗുരുതരമായ ശാരീരികമോ മാനസികമോ ആയ ഹാനി ഏൽപ്പിക്കുന്നതുവഴി അവരുടെ സ്വാതന്ത്ര്യമോ അന്തസ്സോ ധിക്കരിക്കുന്നതുവഴി അല്ലെങ്കിൽ അവരെ പീഡനത്തിനോ ക്രൂരമോ മനുഷ്യത്വരഹിതമോ അപകർഷിക്കുന്നതോ ആയ പെരുമാറ്റത്തിനോ ശിക്ഷയ്ക്കോ അവരെ വിധേയമാക്കുന്നതു വഴി;

(iii) ഒരു വർഗ്ഗ വിഭാഗത്തിലെയോ വിഭാഗങ്ങളിലെയോ അംഗങ്ങളെ സ്വേച്ഛാപരമായി അറസ്റ്റു ചെയ്യലോ നിയമവിരുദ്ധമായി തടവിലിടുന്നതോ വഴി;

(ഖ) ഒരു വർഗ്ഗ വിഭാഗത്തിന്റെയോ വിഭാഗങ്ങളുടെയോമേൽ മുഴുവനോ ഭാഗികമായോ അതിന്റെയോ അവരുടെയോ ഭൗതിക നാശം ഉണ്ടാകാൻ ആസൂത്രിതമായി ജീവിതവ്യവസ്ഥകൾ മനഃപൂർവ്വം അടിച്ചേല്പിക്കൽ;

** ** ** ** **

(ങ) ഒരു വർഗ്ഗ വിഭാഗത്തിലെയോ വിഭാഗങ്ങളിലെയോ അംഗങ്ങളുടെ പ്രത്യേകിച്ചും അവരെ നിർബന്ധിത തൊഴിലിന് വിധേയരാക്കിക്കൊണ്ട്, തൊഴിൽ ചൂഷണം ചെയ്യൽ;

(ച) സംഘടനകളെയും ആളുകളെയും അവർ വർണ്ണ വിവേചനത്തെ എതിർക്കുന്നതുകൊണ്ട് അവരുടെ മൗലിക അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഇല്ലാതാക്കുന്നതുവഴിയുള്ള ഉപദ്രവം.

## അനുച്ഛേദം III

അന്താരാഷ്ട്ര കുറ്റത്തിന്റെ ഉത്തരവാദിത്വം, കുറ്റത്തിന്റെ ആന്തരോദ്ദേശ്യം കണക്കിലെടുക്കാതെ, കുറ്റകൃത്യം നടത്തപ്പെട്ട രാജ്യത്തിന്റെ ഭൂപ്രദേശത്തോ മറ്റേതെങ്കിലും രാജ്യത്തോ താമസിക്കുന്ന വ്യക്തികൾക്കും സംഘടനകളിലെയും സ്ഥാപനങ്ങളിലെയും അംഗങ്ങൾക്കും ആ രാജ്യത്തിന്റെ പ്രതിനിധികൾക്ക് അവർ എപ്പോഴെങ്കിലും;

(ക) ഇപ്പോഴത്തെ ഉടമ്പടിയിലെ II-ാം അനുച്ഛേദത്തിൽ പറഞ്ഞിട്ടുള്ള പ്രവൃത്തികൾ ചെയ്യുകയോ അതിൽ ഭാഗമാകുകയോ ആ കുറ്റം ചെയ്യുന്നതിന് നേരിട്ട് ഇളക്കിവിടുകയോ ഗൂഢാലോചന നടത്തുകയോ;

(ഖ) വർണ്ണ വിവേചന കുറ്റം ചെയ്യുന്നതിന് നേരിട്ട് പ്രേരിപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ, സഹകരിക്കുകയോ, ചെയ്യുമ്പോൾ ബാധകമാകുന്നതാണ്.

## THE ANTI-APARTHEID (UNITED NATIONS CONVENTION) ACT, 1981

(ACT No. 48 OF 1981)

## വർണ്ണ വിവേചന നിരോധന (ഐക്യരാഷ്ട്ര ഉടമ്പടി) ആക്റ്റ്, 1981

(1981-ലെ 48-ാം നമ്പർ ആക്റ്റ്)

### GLOSSARY

| | | | |
|---|---|---|---|
| 1. | Crime of Apartheid | വർണ്ണ വിവേചന കുറ്റം | Preamble |
| 2. | Suppression | അമർച്ച ചെയ്യൽ | Preamble |
| 3. | Domination | ആധിപത്യം | Article II |
| 4. | Oppress | ദ്രോഹിക്കുക | Article II |
| 5. | Persecution | ഉപദ്രവം | Article II |
| 6. | Racial segregation | വർഗ്ഗവേർതിരിവ് | Article II |
| 7. | Torture | പീഡനം | Article II |
| 8. | Perpetrate | കുറ്റകൃത്യം നടത്തുക | Article III |